ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.10.2025**

## പ്രധാനവാർത്തകൾ

1. രാജ്യം ഉടൻ മാവോയിസ്റ്റ് അക്രമങ്ങളിൽ നിന്നും പൂർണ്ണമായും മുക്തമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സംസ്ഥാനത്ത് **PWD** റസ്റ്റ് ഹൗസുകൾ കൂടുതൽ ജനസൗഹൃദമാക്കുമെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്.
3. ശബരിമല - മാളികപ്പുറം മേൽശാന്തിമാരെ തിരഞ്ഞെടുത്തു. ചാലക്കുടി ഏറന്നൂർ മനയിലെ പ്രസാദ് ഇ.ഡി ശബരിമല മേൽശാന്തി; മാളികപ്പുറം മേൽശാന്തിയായി മയ്യനാട് മുട്ടത്തുമഠത്തിൽ മനു നമ്പൂതിരിയെ തിരഞ്ഞെടുത്തു.
4. മത്സരങ്ങളിൽ വിജയത്തേക്കാൾ വലുതാണ് പങ്കെടുക്കാനുള്ള ധൈര്യമെന്ന് മന്ത്രി വി.ശിവൻകുട്ടി. കളിക്കളം കായികമേള മന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യു.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും; വിവിധ അണക്കെട്ടുകളിൽ ജാഗ്രതാ നിർദേശം; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNUTVPM

6. **സുൽത്താൻ ഓഫ് ജോഹർ കപ്പ് ജൂനിയർ പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്‌ട്രേലിയയെ നേരിടും.**

## <u>പ്രധാനമന്ത്രി</u>

രാജ്യം ഉടൻ നക്സലിസത്തിൽ നിന്നും മാവോയിസ്റ്റ് അക്രമങ്ങളിൽ നിന്നും പൂർണ്ണമായും മുക്തമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷത്തിൽ മാവോയിസ്റ്റ് ആക്രമണങ്ങളെ കാര്യക്ഷമതയോടെ നേരിടാൻ കഴിഞ്ഞതായും അദ്ദേഹം ഇന്നലെ ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമം സംഘടിപ്പിച്ച ആഗോള ഉച്ചകോടിയിൽ വ്യക്തമാക്കി. മാവോയിസ്റ്റ് മുക്തമായ പ്രദേശങ്ങളിൽ ഇത്തവണ ദീപാവലി വിപുലമായി ആഘോഷിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

PNU TVPM

## <u>രാഷ്ട്രപതി സന്ദർശനം</u>

നാലുദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം 21 -ന് കേരളത്തിലെത്തും. 22 നാണ് ശബരിമല ദർശനം. 23 ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദിയിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെൻറ് തോമസ് കോളജിലും എറണാകുളം സെൻറ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

## ശബരിമല (ഇൻട്രോ)

ശബരിമല - മാളികപ്പുറം മേൽശാന്തിമാരുടെ തിരഞ്ഞെടുപ്പ് സന്നിധാനത്ത് നടന്നു. തൃശൂർ ചാലക്കുടി ഏറന്നൂർ മനയിലെ പ്രസാദ് ഇ.ഡിയെ ശബരിമല മേൽശാന്തിയായും കൊല്ലം മയ്യനാട് മുട്ടത്തുമഠത്തിൽ മനു നമ്പൂതിരി എം.ജിയെ മാളികപ്പുറം മേൽശാന്തിയായും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി.എസ് ശ്രീധർ....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി - ഗൾഫ് സന്ദർശനം

ഗൾഫ് സന്ദർശനം തുടരുന്ന മുഖ്യമന്ത്രി പിണറായി വിജയന് ബഹറൈൻ ഉപപ്രധാനമന്ത്രി ഷെയ്ഖ് ഖാലിദ് ബിൻ അബ്ദുള്ള അൽ ഖലീഫയുടെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം. കേരളവും ബഹ്റൈനും തമ്മിലുള്ള ബന്ധം ശക്തമാക്കാനുള്ള ചർച്ചകൾ നടന്നതായി മുഖ്യമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

PNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മുഹമ്മദ് റിയാസ്- ദർശന രേഖ

സംസ്ഥാനത്ത് PWD റസ്റ്റ് ഹൗസുകൾ കൂടുതൽ ജനസൗഹൃദമാക്കുമെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്. പൊതുമരാമത്ത് വകുപ്പിന്റെ "ദർശന രേഖ 2031" കോഴിക്കോട് അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. സമഗ്ര റോഡ് സുരക്ഷാ നയം നടപ്പാക്കും. സംസ്ഥാന റോഡുകൾ നാലുവരി പാതയാക്കുമെന്നും ഗോത്ര മേഖലകളിൽ കണക്ടിവിറ്റി ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 21 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## ഡാം ഷട്ടറുകൾ

ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ എട്ടു ഷട്ടറുകൾ തുറന്നു. പെരിയാറിൻ്റെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണം. കല്ലാർ ഡാമിൻ്റെ നാല് ഷട്ടറുകൾ ഉയർത്തിയതിനാൽ ചിന്നാർ, കല്ലാർ പുഴകളുടെ തീരങ്ങളിലും അതീവ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. വൃഷ്ടി പ്രദേശത്ത് നിന്നുള്ള നീരൊഴുക്ക് വർധിച്ചാൽ മലമ്പുഴ ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ തുറക്കാൻ സാധ്യതയുള്ളതിനാൽ കൽപ്പാത്തി, ഭാരതപ്പുഴകളുടെ തീരങ്ങളിലുള്ളവർ ജാഗ്രത പാലിക്കണം. തിരുവനന്തപുരം നെയ്യാർ ഡാമിന്റെയും 4 ഷട്ടറുകൾ ഉയർത്തിയിട്ടുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഇടുക്കി -മഴ (ഇൻട്രോ)

ഇടുക്കിയിൽ കനത്ത മഴയിൽ നെടുങ്കണ്ടം മേഖലയിൽ വ്യാപക നാശ നഷ്ടം. നിരവധി വീടുകളിൽ വെള്ളം കയറുകയും വാഹനങ്ങൾ ഒഴുകി പോകുകയും റോഡുകൾ തകർന്ന് ഗതാഗതം തടസപ്പെടുകയും ചെയ്തു. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി**

**രതീഷ്** **കൃഷ്ണ.....**
(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**ചെന്താമര- ശിക്ഷ**

പാലക്കാട് നെന്മാറ സജിത വധക്കേസിൽ പ്രതി ചെന്താമരയ്ക്ക് ഇരട്ട ജീവപര്യന്തവും 3,25,000 രൂപ പിഴയും. പാലക്കാട് ജില്ലാ അഡീഷണൽ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. 2019 ഓഗസ്റ്റ് 31 ന് ആയിരുന്നു അയൽവാസിയായ സജിതയെ ചെന്താമര കൊലപ്പെടുത്തിയത്. ഈ കേസിൽ ജാമ്യത്തിലിറങ്ങിയ ഇയാൾ 2025 ജനുവരി 27 ന് സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെയും കൊലപ്പെടുത്തിയിരുന്നു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**മൊസാംബിക്ക് ബോട്ടപകടം**

ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിൽ ബെയ്റാ തുറമുഖത്തിനു സമീപം ഉണ്ടായ ബോട്ട് അപകടത്തിൽ മൂന്ന് ഇന്ത്യക്കാർ മരിച്ചു. ചരക്ക് കപ്പലിലെ ജീവനക്കാരുമായി പോയ ലോഞ്ച് ബോട്ട് മറിഞ്ഞാണ് അപകടം ഉണ്ടായതെന്ന് മൊസാംബിക്കിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ അറിയിച്ചു. കാണാതായ 5 ഇന്ത്യക്കാർക്കായുള്ള തെരച്ചിൽ പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**നല്ല വാർത്ത**

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു.

ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26ന്. പരിപാടിയുടെ 127-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ഒരു കോടി തൈകൾ നടാം (ഇൻട്രോ)

ഹരിതകേരളം മിഷന്റെ ഒരു കോടി തൈകൾ നടാം പ്രചരണത്തിൻറെ ഭാഗമായി, സംസ്ഥാനത്ത് , ഏറ്റവും അധികം തൈകൾ നട്ടതിനുള്ള പുരസ്കാരം കണ്ണൂർ ജില്ലയ്ക്ക് . തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഹരിത കേരളം മിഷൻ ജില്ലാ മിഷൻ കോ. ഓഡിനേറ്റർ ഇ.കെ സോമശേഖരൻ്റെ നേതൃത്വത്തിലുള്ള സംഘം പുരസ്കാരം ഏറ്റുവാങ്ങി. ***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....***

(വോയിസ്)

☸☸☸☸☸☸☸☸☸☸☸☸☸

## കളിക്കളം-2025

കായിക മത്സരങ്ങളിൽ വിജയത്തേക്കാൾ വലുതാണ് പങ്കെടുക്കാനുള്ള ധൈര്യമെന്ന് മന്ത്രി വി.ശിവൻകുട്ടി. പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന കളിക്കളം കായിക മേള തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പട്ടികവർഗ്ഗ വിഭാഗത്തിലെ ഓരോ കുട്ടിയുടെയും വളർച്ചയും ആത്മവിശ്വാസവും ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. 1,500 കുട്ടികളാണ് മേളയിൽ പങ്കെടുക്കുന്നത്. ഉദ്ഘാടന ചടങ്ങിലെ മികച്ച മാർച്ച് പാസ്റ്റിനുള്ള പുരസ്കാരം കുളത്തൂപ്പുഴ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നേടി.

## ഹോക്കി

സുൽത്താൻ ഓഫ് ജോഹർ കപ്പ് ജൂനിയർ പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ക്വാലാലംപൂരിൽ വൈകിട്ട് ആറിനാണ് മത്സരം.

## ദേശീയ ട്വന്റി-20 ക്രിക്കറ്റ്

ദേശീയ സീനിയർ വനിതാ ട്വൻ്റി 20 ക്രിക്കറ്റ് ടൂർണ്ണമെൻ്റിൽ കേരളത്തിന് തുടർച്ചയായ മൂന്നാം ജയം. ഇന്നലെ മൊഹാലിയിൽ നടന്ന മത്സരത്തിൽ കേരളം ഗുജറാത്തിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

RMU TVPM

## രായിരനെല്ലൂർ മലകയറ്റം (ഇൻട്രോ)

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ രായിര നെല്ലൂർ മലകയറ്റത്തിന് തുടക്കമായി. പന്തിരുകുല പ്രധാനി നാറാണത്ത് ഭ്രാന്തന് ദേവീ ദർശനം ലഭിച്ചെന്ന ഐതിഹ്യവുമായി ബന്ധപ്പെട്ടാണ് എല്ലാവർഷവും തുലാം ഒന്നിന് വിശ്വാസികൾ രായിരനെല്ലൂർ മല കയറുന്നത്.
***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്......***

(വോയിസ്)

## സ്പോർട്സ് കൗൺസിൽ

സ്പോർട്സ് കൗൺസിലിൽ നിന്നു വിരമിച്ചവരുടെ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2.82 കോടി രൂപ കൂടി അനുവദിച്ച് സംസ്ഥാന സർക്കാർ. ആകെ നൽകാനുള്ള 11.28 കോടി രൂപയുടെ 25 ശതമാനം വീതം 4 ഗഡുവായി അനുവദിക്കുന്നതിന്റെ ഭാഗമായാണ് നടപടി.

PNU TVPM

## സ്വർണവില

സ്വർണവില കുറഞ്ഞു. പവന് 1,400 രൂപ കുറഞ്ഞ് 95,960 രൂപയും ഗ്രാമിന് 11,995 രൂപയുമാണ് ഇന്നത്തെ വില.